**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6136 20.11.2019 -ലെ മറുപടിക്ക്**

**<u>ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിൽ ഒരു കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സിഡ്കോ, എഫ്.ഐ.റ്റി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്നിവയാണ് പദ്ധതി നടത്തിപ്പിന് പരിഗണിക്കുന്ന ഏജൻസികൾ. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഈ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 2016-17 ൽ ചെറുമിക്കാട്, മണ്ണാറത്തറ എന്നീ കോളനികളും, 2018-19-ൽ പ്രളയാനന്തര കോളനികളുടെ പുന:നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കോളനികളും തെരഞ്ഞെടുത്തിട്ടുണ്ട്.<br>1. പ്രവട്ടക്കര കോളനി<br>2. ചാത്തമേൽകുറ്റി കോളനി<br>3. ചെല്ലപുഞ്ചയിൽ കോളനി<br>4. പൂപ്പറത്തിൽ കോളനി<br>5. കിളക്കേത്തുരുത്തി കോളനി<br>6. മാവേലിത്തറ കോളനി<br>7. ചിത്തിരപുറം കാരിക്കുഴി കോളനി<br>8. പ്ലാക്കാത്തറ കോളനി<br>9. പേരിശേരി കോളനി<br>10. കൊല്ലത്തറ കോളനി<br>2019-20 അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കിണറുവിള കോളനിയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന | (സി) | <u>1. മണ്ണാറത്തറ കോളനി</u><br>ഭവന പുന:രുദ്ധാരണം, സംരക്ഷണഭിത്തി, കോൺക്രീറ്റ് റോഡ്, കമ്മ്യൂണിറ്റി ഹാൾ നവീകരണം, |

| | | | |
|---|---|---|---|
| | വിവരം ലഭ്യമാക്കാമോ? | | ശ്മശാന പുന:രുദ്ധാരണം, കിണർ പുന:രുദ്ധാരണം.<br><br>2. ചെറുമിക്കാട് കോളനി<br>1. കോൺക്രീറ്റ് റോഡ്<br>2. കടിവെള്ള പദ്ധതി<br>3. സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br><br>പ്രളയാനന്തര കോളനികളുടെ പുന:നിർമ്മാണവുമായി ബന്ധപ്പെട്ട ചിത്തിരപുരം കാരിക്കുഴി കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. മറ്റ് കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ആരംഭിച്ചിട്ടുണ്ട്.<br><br>3. പ്രളയാനന്തര കോളനികളുടെ പുനർനിർമ്മാണം:- പ്രളയത്തിൽ തകർന്ന കോളനികളിലെ ഭവനങ്ങളുടെ പുന:രുദ്ധാരണം/റോഡ് കോൺക്രീറ്റിംഗ്/സംരക്ഷണ ഭിത്തി നിർമ്മാണം.<br><br>4. കിണറുവിള കോളനി:- ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ